"ഭരണഭാഷ-മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - ആലപ്പുഴ ജില്ല - ചെറുതന ഗ്രാമപഞ്ചായത്ത് - 2004-05 വർഷത്തെ ആഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3(8) - സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

ജി.ഒ (ആർ.ടി) നം.1236/13/തസ്വഭവ. തിരുവനന്തപുരം,തീയതി: 08/05/2013

പരാമർശം:- 1) ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 28/01/2013-ലെ ഇ 6-15231/12-ാം നമ്പർ കത്ത്.

2) ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ 17/04/2013-ലെ LF/P.T1/3907/13-ാം നമ്പർ കത്ത്

## ഉത്തരവ്

ചെറുതന ഗ്രാമപഞ്ചായത്തിന്റെ 204-05 വർഷത്തിൽ മാണിക്കശ്ശേരിയിൽ മോട്ടോർതറ മുതൽ കൊച്ചുവീട്ടിൽ ജംഗ്ഷൻ വരെയുള്ള റോഡ് ഗ്രാവലിംഗ് പ്രവർത്തിക്ക് പദ്ധതി വിഹിതത്തിൽ നിന്നും അധികം ചെലവഴിച്ച 30,000/- രൂപ 2004-05 വർഷത്തെ ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(8) പ്രകാരം തടസ്സപ്പെടുത്തിയിരുന്നു.

ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് നിത്യ നിദാന പ്രവർത്തനങ്ങൾക്ക് പര്യാപ്തമല്ലാതിരുന്ന സാഹചര്യത്തിൽ പഞ്ചായത്തിന്റെ പദ്ധതി വിഹിതത്തിൽ മിച്ചം വരികയും ആയത് വർഷാന്ത്യം ലാപ്സാകുമെന്നതിനാൽ മുഴുവൻ തുകയും പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിക്കുന്നതാണ് യുക്തമെന്ന് പഞ്ചായത്ത് സമിതിയ്ക്ക് ഉത്തമ ബോദ്ധ്യമുണ്ടായിരുന്നതുകൊണ്ടാണ് പദ്ധതി വിഹിതത്തിൽ നിന്നും തുക ചെലവഴിച്ചതെന്നും ആയതിനാൽ ടി ചെലവിന് സാധുകരണം നൽകണമെന്ന ഗ്രാമപഞ്ചായത്തിന്റെ 25/10/2012-ലെ IV-(2)-ാം നമ്പർ തീരുമാനം ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ അംഗീകാരത്തോടെ ആലപ്പുഴ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സൂചന ഒന്ന് പ്രകാരം ശുപാർശ ചെയ്തിരുന്നു.

ടി വിഷയം സംബന്ധിച്ച് ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറുടെ പരാമർശം രണ്ടിലെ റിപ്പാർട്ടിൽ പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനം

അംഗീകരിച്ച് ടി ചെലവിന് സാധൂകരണം നൽകാവുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ചെറുതന ഗ്രാമപഞ്ചായത്തിന്റെ 2004-05 വർഷത്തെ ലോക്കൽ ഫണ്ട് ആഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3(8) പ്രകാരം വകയിരുത്തിയ പദ്ധതി തുകയിൽ അധികരിച്ച് ചെലവ് ചെയ്തതിനാൽ ഓഡിറ്റ് തടസ്സപ്പെടുത്തിയ 30,000/- (മുപ്പതിനായിരം രൂപ മാത്രം) രൂപയുടെ ചെലവ് സാധൂകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

പി. ജയശ്രീ,
ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, ചെറുതന ഗ്രാമപഞ്ചായത്ത്
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ